ഉത്തരം

(എ) ഉണ്ട്.

(ബി, സി) ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു. ഏതാനും സാക്ഷികളെക്കൂടി ചോദ്യം ചെയ്യേണ്ടതായിട്ടുണ്ട്. രാസപരിശോധനകൾ നടത്തിയതിന്റെ ഫലം ലഭ്യമായിട്ടില്ല.

തിരുവനന്തപുരം കൺട്രോൾറൂം പോലീസ് സ്റ്റേഷനിൽ കസ്റ്റഡിയിലുണ്ടായിരുന്നവരുടെ പേരുവിവരം

1100. [1635] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986 ഒക്ടോബർ 10 മുതൽ 25 വരെ തിരുവനന്തപുരം കൺട്രോൾ റൂമിൽ പോലീസ് സ്റ്റേഷനിൽ പോലീസ് കസ്റ്റഡിയിലുണ്ടായിരുന്നവരുടെ പേരുവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കസ്റ്റഡിയിലുണ്ടായിരുന്നവരുടെ പേരുവിവരം താഴെ പറയും പ്രകാരമാണ്.

1.	തിരുവല്ലം പകുതിയിൽ പാച്ചല്ലൂർ ദേശത്ത് പ്ലാവിള പുത്തൻ വീട്ടിൽ അഹമ്മദ്കണ്ണ് മകൻ റഷീദ്	15-10-1986 രാത്രി 2 മണി മുതൽ 16-10-1986 രാവിലെ 10 മണിവരെ
2.	വിതുര വില്ലേജിൽ വിനോബാനികേതന് സമീപം വേലായുധൻ ബാബു	17-10-1986 രാവിലെ 9.30 മണി മുതൽ 17-10-1986 ഉച്ചയ്ക്ക് 2 മണി വരെ.
3.	കന്യാകുമാരിയിൽ നാഗർകോവിൽ അമ്മായി മഠം തെരുവിൽ കുമാരസ്വാമി മകൻ മണി	16-10-1986 രാത്രി 3 മണി മുതൽ 17-10-1986 ഉച്ചയ്ക്ക് 2 മണി വരെ.
4.	ചെകൽചൂള കോളനിയിൽ 248-ാംനമ്പർ ഫ്ളാറ്റിൽ കേശവക്കുറുപ്പ് മകൻ കുമാർ.	22-10-1986 രാത്രി 2 മണി മുതൽ 23-10-1986 ഉച്ചയ്ക്ക് 1 മണി വരെ.

ചിറയിൻകീഴ് പോലീസ് സ്റ്റേഷൻ അതിർത്തിക്കുള്ളിൽ ഉണ്ടായിട്ടുള്ള മോഷണക്കേസുകൾ

1101. [1641] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറയിൻകീഴ് പോലീസ് സ്റ്റേഷൻ അതിർത്തിക്കുള്ള ഇക്കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ എത്ര മോഷണ കേസുകൾ ഉണ്ടായിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ എത്ര കേസുകൾ തെളിയിച്ചിട്ടുണ്ട് ;

(സി) സ്ഥലം സബ് ഇൻസ്പെക്ടർക്കെതിരെ നാട്ടുകാരിൽ നിന്നും എത്ര പരാതികൾ കിട്ടിയിട്ടുണ്ട് ;

(ഡി) ഈ പരാതികളിൻമേൽ എന്തു നടപടി സ്വീകരിച്ചു ;

(ഇ) ഈ പോലീസ് സ്റ്റേഷനിലെ പരിധിക്കുള്ളിൽ മദ്യപാൻമാരുടെയും വ്യാജവാറുകാരുടെയും ശല്യം ദിനംപ്രതി വർദ്ധിച്ച് വരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ഇതിനെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 44 മോഷണക്കേസുകൾ ഉണ്ടായിട്ടുണ്ട്.

(ബി) 23 മോഷണക്കേസുകൾ തെളിയിച്ചിട്ടുണ്ട്.

(സി) 1983-ൽ 2-ം, 1984-ൽ 9-ം, 1985-ൽ 2-ം, 1986-ൽ 2-ം പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഡി) ഈ പരാതികൾ എല്ലാംതന്നെ ആറ്റിങ്ങൽ സർക്കിൾ ഇൻസ്പെക്ടർ, ആറ്റിങ്ങൽ ഡി. വൈ. എസ്. പി., തിരുവനന്തപുരം റൂറൽ പോലീസ് സൂപ്രണ്ട് എന്നിവരുടെ നേരിട്ടുള്ള അന്വേഷണത്തിനു വിധേയമായി മതിയായ തെളിവുകൾ കിട്ടാത്തതിനാലും പല പരാതികളും കളവാണെന്ന് കണ്ടതിനാലും മേൽ നടപടികൾ എടുക്കേണ്ടിവന്നില്ല.

(ഇ) ഉണ്ട്.

(എഫ്) 8/84, 9/84, 2/85, 3/85, 4/85, 5/85 6/85, 11/85, 1/86, 2/86 എന്നീ കാലയളവിൽ റെയിഡുകൾ നടത്തി വ്യാജവാറുകാരെ പിടികൂടുകയും ചാരായം നശിപ്പിക്കുകയും കേസ് എടുത്ത് എക്സൈസ് ഡിപ്പാർട്ട്മെന്റിന് വിട്ടുകൊടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മദ്യപിച്ച് ബഹളമുണ്ടാക്കിയ 57 പേരെ വിവിധ കാലഘട്ടങ്ങളിൽ പോലീസ് പിടികൂടി കോടതി ശിക്ഷയ്ക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്.

വാഹനങ്ങൾ സംബന്ധിച്ച കേസുകൾ

1102. [1644] ശ്രീ. എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹനങ്ങൾ സംബന്ധിച്ച കേസുകൾ കോമ്പൗണ്ട് ചെയ്യാൻ പോലീസിനെ അടുത്ത കാലത്ത് അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കാമോ

(ബി) കോമ്പൗണ്ടിന്റെ ചുമതല സർക്കിൾ ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തിയതുകൊണ്ട് അവരുടെ സാധാരണ കൃത്യനിർവ്വഹണത്തിന്; സമയം ലഭിക്കാതിരിക്കുന്നതായി വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കോമ്പൗണ്ടിംഗ് സമ്പ്രദായം അവസാനിപ്പിച്ച് വാഹനങ്ങൾ സംബന്ധിച്ച കേസുകൾ പഴയതുപോലെ കോടതിതന്നെ കൈകാര്യം ചെയ്യാൻ വേണ്ട നിർദ്ദേശം നൽകാമോ ?

ഉത്തരം

(എ) കേന്ദ്ര മോട്ടോർ വാഹന നിയമത്തിൽ പുതിയതായി ചേർത്ത സെക്ഷൻ 127 ബി പ്രകാരം, ടി നിയമത്തിലെ ചില സെക്ഷനുകൾ അനുസരിച്ച് കണ്ടുപിടിക്കപ്പെടുന്ന കുറ്റങ്ങൾ കോമ്പൗണ്ട് ചെയ്യാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly